## കേരള കാർഷിക സർവ്വകലാശാല

മെയിൻ ക്യാമ്പസ്, വെള്ളാനിക്കര

നമ്പർ. എൻപിഎസ്/05099/2022 തിയ്യതി: 16/02/2022.

## പരിപത്രം

വിഷയം: കേരള കാർഷിക സർവ്വകലാശാല - എൻപിഎസ് - കേരള കാർഷിക സർവ്വകലാശാലയിലെ എൻപിഎസ് പരിധിയിൽ വരുന്ന സർവ്വീസിലിരിക്കെ മരണമടയുന്ന അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെയും സ്ഥിരം തൊഴിലാളികളുടെയും ആശ്രിതർക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1. 31.08.2016 തിയ്യതിയിലെ 126/2016/ധന. നമ്പർ സർക്കാർ ഉത്തരവ്.
2. 08.11.2017 തിയ്യതിയിലെ 141/2017/ധന. നമ്പർ സർക്കാർ ഉത്തരവ്.
3. 23.06.2018 തിയ്യതിയിലെ 97/2018/ധന. നമ്പർ സർക്കാർ ഉത്തരവ്.
4. 31.03.2019 തിയ്യതിയിലെ 41/2019/ധന. നമ്പർ സർക്കാർ ഉത്തരവ്.
5. 08.07.2021 തിയ്യതിയിലെ പുറത്തെഴുത്ത് നമ്പർ. ഇഎസ്/എ6/9459/2021
6. 05.11.2021 തിയ്യതിയിലെ എൻപിഎസ്/02289/2020 നമ്പർ സർവ്വകലാശാല ഉത്തരവ്.

************

മേൽ സൂചന (1), (2), (3), & (4) പ്രകാരം ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കുകയും സർവ്വീസിലിരിക്കെ മരണമടയുകയും ചെയ്യുന്ന അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ/ സ്ഥിരം തൊഴിലാളികളുടെ ആശ്രിതർക്ക് ടി ജീവനക്കാർ/ സ്ഥിരം തൊഴിലാളികൾ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30% ത്തിനു തുല്യമായ തുക ആശ്വാസധനസഹായമായി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. സൂചന (5) & (6) പ്രകാരം മേൽ പറഞ്ഞ സർക്കാർ ഉത്തരവുകൾ കേരള കാർഷിക സർവ്വകലാശാലയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കുകയും സർവ്വീസിലിരിക്കെ മരണമടയുകയും ചെയ്യുന്ന അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെയും, സ്ഥിരം തൊഴിലാളികളുടെയും ആശ്രിതർക്ക് ആശ്വാസ ധന സഹായം നല്കുന്നതിനുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളും സംബന്ധിച്ചും സ്റ്റേഷൻ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ചും ആശ്രിതർ സമർപ്പിക്കേണ്ട രേഖകൾ സംബന്ധിച്ചും താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. <u>ആശ്വാസധനസഹായം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്നതാണ്.</u>

    1. ഈ ആനുകൂല്യം മരണമടയുന്ന ജീവനക്കാരുടെ/ സ്ഥിരം തൊഴിലാളികളുടെ ആശ്രിതർക്ക് പിഎഫ്ആർഡിഎ കുടുംബപെൻഷൻ പദ്ധതി നടപ്പിലാക്കുന്നതു വരെ മാത്രമായിരിക്കും.
    2. നിലവിലുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി/ആശ്രിത നിയമന വ്യവസ്ഥകൾ പ്രകാരം അപേക്ഷ സമർപ്പിക്കുന്നവരുടെ കാര്യത്തിൽ ഈ ആനുകൂല്യം അവകാശികൾക്ക് തൊഴിൽ ലഭിക്കുന്നതുവരെയും, തൊഴിൽ ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാത്തവരുടെ കാര്യത്തിൽ അപേക്ഷ സമർപ്പിക്കാൻ അനുവദിച്ചിരിക്കുന്ന 2 വർഷം വരെയും അർഹതയുള്ളവർ പ്രായ പൂർത്തിയാകാത്തവർ ആണെങ്കിൽ അവർ പ്രായപൂർത്തിയായതിന് ശേഷം 3 വർഷം വരെയും തുക അനുവദിക്കാവുന്നതാണ്.

3. ഈ ആനുകൂല്യം താഴെ പറയുന്ന അവകാശികൾക്ക് മാത്രമായി മുൻഗണനാക്രമത്തിൽ അനുവദിക്കാവുന്നതാണ്.
(എ) ഭാര്യ/ഭർത്താവിന്
(ബി) 25 വയസ്സിന് താഴെയുള്ള മകൻ/മകൾക്ക് (വിവാഹിതരാകുന്നത് വരെയോ തൊഴിൽ ലഭിക്കുന്നത് വരെയോ ഏതാണോ ആദ്യം അത് വരെ നിയമപ്രകാരം ദത്തെടുത്തവർ ഉൾപ്പെടെ, വയസ്സിന്റെ മുൻഗണനാക്രമത്തിൽ)
(സി) മരണമടയുന്ന ജീവനക്കാരൻ / സ്ഥിരം തൊഴിലാളി അവിവാഹിതൻ / അവിവാഹിതയാണെങ്കിൽ ഈ ആനുകൂല്യം മാതാപിതാക്കൾക്ക് (കെ.എസ്.ആർ ഭാഗം III ചട്ടം 90(6എ) ൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്കു അനുസൃതമായി ജീവിതാവസാനം വരെ) നൽകുന്നതാണ്.

## 2. നടപടിക്രമങ്ങൾ

1. മരണപ്പെട്ട ജീവനക്കാരൻ/ സ്ഥിരം തൊഴിലാളി അവസാനമായി ജോലി ചെയ്ത സ്റ്റേഷൻ മേധാവിയ്ക്ക് ടി ജീവനക്കാരന്റെ/ സ്ഥിരം തൊഴിലാളിയുടെ ആശ്രിതൻ/ ആശ്രിത ആശ്വാസ ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷയും, അനുബന്ധ രേഖകളും എത്രയും വേഗം സമർപ്പിക്കേണ്ടതാണ്.

2. സ്ഥാപന മേധാവി/ഡിഡിഒ അപേക്ഷകൾ പരിശോധിച്ചതിന് ശേഷം മരണപ്പെട്ട വ്യക്തിയുടെ Employee ID (PF No. ) ഉൾപ്പെടെ ശുപാർശ സഹിതം അപേക്ഷയും അനുബന്ധ രേഖകളും ഉചിത മാർഗ്ഗേന കംപ്ട്രോളർക്ക് ലഭ്യമാക്കേണ്ടതാണ്.

3. എൻപിഎസ് സെൽ, പി.പി.ഒ യ്ക്ക് സമാനമായി മരണപ്പെട്ട വ്യക്തിയുടെ പിഎഫ് നമ്പർ കൂടി ചേർത്ത് പ്രത്യേകമായ ഒരു നമ്പർ ഓരോ അപേക്ഷയ്ക്കും അനുവദിക്കേണ്ടതാണ്.

4. ലഭ്യമായ രേഖകൾ പരിശോധിച്ചതിന് ശേഷം എൻപിഎസ് സെൽ, സ്ഥാപനമേധാവിയുടെ ശുപാർശയുടെ വെളിച്ചത്തിൽ മരണപ്പെട്ട വ്യക്തി അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30% - ന് തുല്യമായ തുക ആശ്വാസധനസഹായമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

5. ഇത്തരത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ പകർപ്പ് എൻപിഎസ് സെൽ, പെൻഷൻ സെക്ഷനും അപേക്ഷകനും ബന്ധപ്പെട്ട സ്ഥാപനമേധാവിയ്ക്കും നൽകേണ്ടതാണ്.

6. എൻപിഎസ് സെല്ലിൽ നിന്നും ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് ആശ്വാസധനസഹായമായി അനുവദിച്ച തുക 105-92-0099 എന്ന ശീർഷകത്തിൽ നിന്നും പെൻഷൻ സെക്ഷൻ നൽകേണ്ടതാണ്.

## 3. <u>ആശ്വാസ ധന സഹായം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ചു കഴിഞ്ഞാൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ സ്റ്റേഷനുകൾ കർശനമായി പാലിക്കേണ്ടതാണ്</u>.

1. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് മരണപ്പെട്ടവരുടെ ആശ്രിതർക്ക് ആശ്രിത നിയമന വ്യവസ്ഥ/ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുകയാണെങ്കിൽ പ്രസ്തുത വിവരം അതാത് സ്റ്റേഷൻ മേധാവികൾ എൻപിഎസ് സെല്ലിനെ യഥാസമയം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ജീവനക്കാർ അനർഹമായി ആശ്വാസധനസഹായം കൈപ്പറ്റുന്നത് വഴി സർവ്വകലാശാലയ്ക്ക് വന്നേക്കാവുന്ന സാമ്പത്തിക നഷ്ടം പലിശ സഹിതം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതാണ്.

2. ആശ്രിതർ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ബന്ധപ്പെട്ട സ്റ്റേഷൻ മേധാവികൾ/ഡിഡിഒ -മാർ അനുബന്ധമായി ചേർത്തിരിക്കുന്ന സമർപ്പണം ടിയാരുടെ കൈയ്യിൽ നിന്നും വാങ്ങേണ്ടതും ആയത് താമസംവിനാ എൻപിഎസ് സെല്ലിന് ലഭ്യമാക്കേണ്ടതുമാണ്.

3. ടി സമർപ്പണം ഉള്ളടക്കം ചെയ്യുന്ന സ്റ്റേഷൻ മേധാവിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മരണപ്പെട്ട ജീവനക്കാരന്റെ/ സ്ഥിരം തൊഴിലാളിയുടെ ആശ്രിതർക്ക് അനുവദിച്ച ആശ്വാസധനസഹായം നിർത്തലാക്കാൻ എൻപിഎസ് സെൽ പെൻഷൻ വിഭാഗത്തിന് നിർദ്ദേശം നൽകേണ്ടതാണ്.

4. ശമ്പളവും ആശ്വാസ ധനസഹായവും ഒരുമിച്ച് വാങ്ങുന്ന സന്ദർഭമുണ്ടായാൽ ജീവനക്കാരന്റെ തൊട്ടടുത്ത മാസശമ്പളത്തിൽ നിന്നും മുഴുവൻ തുകയും പലിശ സഹിതം വസൂലാക്കുന്നതും ജീവനക്കാരനെതിരെ വകുപ്പ് തല നടപടി കൈക്കൊള്ളുന്നതുമാണ്.

5. ആശ്രിത നിയമന വ്യവസ്ഥ ഉത്തരവിന്റെ സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാതിരിക്കുകയോ ജോലി സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്ന സന്ദർഭത്തിൽ സ്റ്റേഷൻ മേധാവി പ്രസ്തുത വിവരം എൻപിഎസ് സെല്ലിനെ അറിയിക്കേണ്ടതാണ്.

6. മരണപ്പെട്ട വ്യക്തിയുടെ ഭാര്യ/ഭർത്താവ് പുനർവിവാഹം ചെയ്തിട്ടില്ല എന്ന സർട്ടിഫിക്കറ്റ്, സമാശ്വാസ തൊഴിൽദാന പദ്ധതി/ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ആശ്രിതന് ജോലി ലഭിച്ചിട്ടില്ല എന്ന സത്യ പ്രസ്താവന, ആശ്വാസ ധനസഹായം വാങ്ങുന്ന വ്യക്തിയുടെ ലൈഫ് സർട്ടിഫിക്കറ്റ് എന്നിവ എല്ലാ വർഷവും ജനുവരി മാസം ബന്ധപ്പെട്ട സ്റ്റേഷനിൽ ഹാജരാക്കേണ്ടതും അതിന്റെ പകർപ്പ് എൻപിഎസ് സെല്ലിന് ലഭ്യമാക്കേണ്ടതുമാണ്. മേൽ പറഞ്ഞ സർട്ടിഫിക്കറ്റുകൾ ധനസഹായം സ്വീകരിക്കുന്ന വ്യക്തി വർഷാവർഷം ലഭ്യമാക്കുന്നുണ്ടെന്ന് അതാത് സ്റ്റേഷൻ മേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ്.

**മരണപ്പെട്ട അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരൻ/സ്ഥിരം തൊഴിലാളിയുടെ ആശ്രിതൻ/ആശ്രിതയ്ക്ക് ആശ്വാസധനസഹായം നൽകുന്നതിന് താഴെ പറയുന്ന മുഴുവൻ രേഖകളുടെയും 2 പകർപ്പുകൾ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി എത്രയും വേഗം സർവ്വകലാശാല കംപ്ട്രോളർക്ക് ലഭ്യമാക്കേണ്ടതാണ്.**

1. ആശ്വാസ ധനസഹായ പദ്ധതി അപേക്ഷഫോറം (മരണമടയുന്ന ജീവനക്കാരൻ/ജീവനക്കാരി അവിവാഹിതൻ/അവിവാഹിതയാണെങ്കിൽ മാതാപിതാക്കൾ സംയുക്ത അപേക്ഷ സമർപ്പിക്കേണ്ടതാണ്).
2. അനുബന്ധം I ൽ സാധുവായ സത്യപ്രസ്താവന.
3. അനുബന്ധം II ലെ സത്യപ്രസ്താവന, സ്വയം സാക്ഷ്യപ്പെടുത്തിയത്.
4. നിയമാനുസൃതമായ അവകാശ സർട്ടിഫിക്കറ്റ് (Legal Heirship Certificate).
5. മരണ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
6. ഡിസ്ക്രിപ്റ്റീവ് റോൾ & ഐഡന്റിഫിക്കേഷൻ പർട്ടിക്കുലേഴ്സ്.
7. അപേക്ഷകന്റെ ജനനതിയ്യതി, അഡ്രസ് എന്നിവ തെളിയിക്കുന്ന രേഖകൾ.
8. അപേക്ഷകന്റെ ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്.
9. ബാധ്യത രഹിത സാക്ഷ്യപത്രം.
10. അവസാന ശമ്പള സാക്ഷ്യപത്രം (എൽപിസി).
11. നോൺ ഇവന്റ് സർട്ടിഫിക്കറ്റ്.
12. എല്ലാ എൻട്രികളും വരുത്തി, ലീവ് അക്കൗണ്ട് ക്ലോസ് ചെയ്ത് മരണപ്പെട്ടത് വരെയുള്ള സർവ്വീസ് വെരിഫൈ ചെയ്ത് സാക്ഷ്യപ്പെടുത്തിയ സേവനപുസ്തകം.
13. ആശ്വാസ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷ തിയ്യതി കൃത്യമായും രേഖപ്പെടുത്തേണ്ടതാണ്.
14. ശമ്പള പരിഷ്കരണ തിയ്യതിക്ക് ശേഷം മരണപ്പെടുന്ന ജീവനക്കാരൻ/ജീവനക്കാരി ആണെങ്കിൽ പുതുക്കിയ ശമ്പള സ്കെയിലിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങളാണ് അപേക്ഷയ്ക്കൊപ്പം ലഭ്യമാക്കേണ്ടത്.

15. ആശ്വാസ ധനസഹായം സ്വീകരിക്കുന്ന വ്യക്തി മൈനറാണെങ്കിൽ റവന്യൂ അധികാരികളിൽ നിന്നും ലഭിച്ച ഗാർഡിയൻഷിപ്പ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.

**വി.എസ്. സക്കീർ ഹുസൈൻ**
**കംപ്ട്രോളർ**

സ്വീകർത്താവ്

സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും (ഇ-മെയിൽ മുഖാന്തിരം).

പകർപ്പ്: ബഹു. വൈസ് ചാൻസലറുടെ പി.എ/ രജിസ്ട്രാറുടെ പിഎ/കംപ്ട്രോളറുടെ പിഎ/ജോയിന്റ് രജിസ്ട്രാർ (ഭരണം)/ സീനിയർ ഡെപ്യൂട്ടി കംപ്ട്രോളർ (പി & എൽ)/ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം I)/ ഡെപ്യൂട്ടി കംപ്ട്രോളർ ഐഎസി (സി ആർ)/ഡെപ്യൂട്ടി കംപ്ട്രോളർ(ബി & പി)/ഡെപ്യൂട്ടി രജിസ്ട്രാർ (അക്കാദമിക്)/അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണം I)/അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണം II)/ അസിസ്റ്റന്റ് രജിസ്ട്രാർ (ജിസി,ഇസി,ലീഗൽ,ആർടിഐ)/ അസിസ്റ്റന്റ് കംപ്ട്രോളർ (പി&എൽ)/അസിസ്റ്റന്റ് കംപ്ട്രോളർ (ബി & എം)/ അസിസ്റ്റന്റ് കംപ്ട്രോളർ (ഡിഡി& എ)/ ലേബർ ഓഫീസർ/ റിക്രൂട്ട്മെന്റ് ഓഫീസർ/പി.ആർ.ഒ/എ.ഒ - ഡയറക്ടറേറ്റ് ഓഫ് റിസർച്ച്/ എഫ് എ ടു ഡിപിപി/സെക്ഷൻ ഓഫീസർ - പെൻഷൻ ഡി/സെക്ഷൻ ഓഫീസർ പിഎഫ്-ബി/അനൗൺസ്//കരുതൽ/മിച്ചം.

**//ഉത്തരവിൻ പ്രകാരം അയക്കുന്നത്//**

**സെക്ഷൻ ഓഫീസർ**

MS.*10